# മരുഭൂമിയിൽ കണ്ടെത്തിയ ജീവന്റെ അപ്പം

*ടോമി ജോസഫ്, അബുദാബി*



ടോമി ജോസഫ്.

ഒരു കത്തോലിക്കാ ഭവനത്തിൽ ജനിച്ചു വളർത്തപ്പെട്ട യുവാവാണു ഞാൻ. സ്വദേശം കുട്ടനാടിനു സമീപമുള്ള ചമ്പക്കുളം. തികച്ചും യാഥാസ്ഥിതിക കുടുംബാന്തരീക്ഷത്തിൽ വളർത്തപ്പെട്ട എനിക്കു് ബാല്യപ്രായം മുതൽ ലഭിച്ചിരുന്ന പരിശീലനം കത്തോലിക്കാ വിശ്വാസപ്രമാണങ്ങളിൽ അധിഷ്ഠിതമായ ഒന്നായിരുന്നു. എന്റെ പിതാവ് ഒരു ബിസ്സിനസ്സുകാരനും മാതാവ് പ്രൈമറിസ്ക്കൂൾ ഹെഡ്മിസ്ട്രസ്സുമായിരുന്നു. മുടങ്ങാതെ പള്ളിയിൽ പോവുക എന്നതു് എന്റെ ഒരു ജീവിതനിഷ്ഠയായിരുന്നു. പള്ളിയിൽ നടക്കുന്ന എല്ലാ ചടങ്ങുകളിലും സജീവമായി പങ്കെടുക്കുക എന്നതു് ഞാനൊരാചാരമാക്കി മാററി. പുരോഹിതന്മാരുടെ ഉപദേശങ്ങൾ വേദവാക്യങ്ങളായി വിശ്വസിച്ച ഞാൻ സുവിശേഷ സത്യങ്ങളെപ്പററി തുലോം അജ്ഞനായിരുന്നു.

എന്നാൽ എന്റെ അടിയുറച്ച ഈ വിശ്വാസത്തെ പിടിച്ചുലച്ച ഒരു സംഭവം ബാല്യകാലത്തു സംഭവിച്ചു. മാതാവിന്റെ ജോലിസ്ഥലത്തിനടുത്തു് ഒരു വാടകവീട്ടിൽ താമസമാക്കിയിരുന്ന കാലം. സ്ഥലത്തെ കുപ്രസിദ്ധനായ ഒരു 'കേഡി' വീട്ടിൽ അതിക്രമിച്ചു കടക്കുകയും പിതാവിനെ കൈയേററം ചെയ്യുകയുമുണ്ടായി. കൂടാതെ വീട്ടുപകരണങ്ങൾ നശിപ്പിക്കുകയും അതിലുപരി ഞങ്ങളുടെ സംരക്ഷകനെന്നു കരുതി അമൂല്യമായി പരിരക്ഷിച്ചുപോന്നിരുന്ന ദൈവീക പ്രതിമകളെ തച്ചുടയ്ക്കുകയുംചെയ്തു. ഈ സന്ദർഭത്തിൽ എന്റെ ഒരു സഹോദരിയോടൊപ്പം ഭവനത്തിൽ നിന്നും പുറത്തേക്കോടി ഞാൻ രക്ഷപ്പെട്ടു. ഈ സംഭവം എന്റെ കുരുന്നു മനസ്സിൽ ആഴമേറിയ മുറിവേല്പിച്ചു. എന്റെ വിശ്വാസപ്രമാണങ്ങൾതന്നെ പുനഃപരിശോധനക്കു വിധേയപ്പെടുത്തേണ്ടേ, എന്നു് ഞാൻ സ്വയംശോധന നടത്തി. നമ്മെ സംരക്ഷിക്കുവാൻ നാം സൂക്ഷിച്ചുവച്ചിരിക്കുന്ന ദൈവീക പ്രതിമകളെ ഒരു മാനുഷീക ശക്തിക്കു തകർക്കുവാൻ കഴിയുമെങ്കിൽ ഈ ദൈവങ്ങളെ നാം ആശ്രയിക്കുന്നതു് യുക്തിരഹിതമല്ലെ എന്നു ഞാൻ സ്വയമായി ചോദിച്ചു. എന്നാൽ എന്റെ സത്യാന്വേഷണ ചിന്താധാരയെ പരിപോഷിപ്പിക്കുവാനുതകുന്ന ഒരന്തരീക്ഷം ഭവനത്തിൽ സംജാതമാകുന്നതിൽ അന്നു് എനിക്കു് വിജയംവരിക്കുവാനായില്ല. തന്നെയുമല്ല ഇതേ കാലഘട്ടത്തിൽ എന്റെ ജീവിതം മറെറാരു വഴിത്തിരിവിന്റെ മുഖത്തു് ചെന്നെത്തിനില്ക്കുകയുമായിരുന്നു.

ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കായിക മത്സരങ്ങളിൽ അനിതരസാധാരണമായ നൈപുണ്യം ഞാൻ പ്രകടിപ്പിച്ചു. ഒരു മികച്ച വോളീബോൾ താരമായി ഞാൻ കാലക്രമേണ ഉയർന്നുവന്നുകൊണ്ടേയിരുന്നു, ദേശീയതലത്തിൽ ഉയർന്ന പൊസിഷനിൽ എത്തി.

ന്യൂഡൽഹി താൽക്കറേറാറിയ സ്റ്റേഡിയത്തിൽ വച്ചു നടന്ന ഒരന്തർദേശീയ വോളീബോൾ മത്സരത്തിൽ കളിക്കളത്തിലിറങ്ങിയ എനിക്കു് കളിക്കിടയിൽ പരിക്കുപററുകയും ഡൽഹി ഇർവിൻ ഹോസ്പിററലിൽ എന്നെ അഡ്മിററു ചെയ്യുകയുമുണ്ടായി. പരിശോധനയിൽ എന്റെ ഇടതു കാൽമുട്ടിന്റെ ലിഗമെൻറു് നഷ്ടപ്പെട്ടതായറിയുകയും തുടർന്നു് രണ്ടുവർഷക്കാലം തുടർച്ചയായുള്ള വിശ്രമം ആവശ്യമാണെന്നു് ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. ഇതു് എന്റെ സ്പോർട്സ് ജീവിതത്തിനു് ഏററ ഏററവും വലിയ ഒരാഘാതമായിരുന്നു. നടക്കുവാനും മററും കഴിഞ്ഞിരുന്നു എങ്കിലും ഒരു ദേശീയതല കളിക്കാരനായി വളരുവാനുള്ള അവസരം അതോടെ എനിക്കു നഷ്ടപ്പെടുകയായിരുന്നു. ഈ യാഥാർത്ഥ്യത്തോടു് താദാത്മ്യം പ്രാപിക്കുവാൻ ഞാൻ വളരെ പണിപ്പെട്ടു, ഇതേ കാലയളവിൽ കേരളത്തിലുള്ള എന്റെ ഭവനത്തിലും ചില സംഭവവികാസങ്ങൾ രൂപംകൊള്ളുന്നുണ്ടായിരുന്നു. എന്റെ ഒരു സഹോദരി മാനസികരോഗിണിയായി മാറി. ബിരുദധാരിയായ എന്റെ ഇളയ സഹോദരൻ നിരീശ്വരവാദിയായി മാറുകയും മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു സജീവ പ്രവർത്തകനായി നാട്ടിൽ അലഞ്ഞു നടക്കുവാനും തുടങ്ങി. എന്റെ മാതാപിതാക്കൾ

തമ്മിൽ നിലനിന്നിരുന്ന സ്വരച്ചേർച്ചയില്ലായ്മ മൂർച്ഛിക്കുകയും അവർ അന്യോന്യം വേർപെട്ട് ജീവിക്കുവാനാരംഭിക്കുകയും ചെയ്തു. ഒന്നിനു പിറകെ ഒന്നായി എന്റെയും കുടുംബത്തിന്റെയും നേരെ ആഞ്ഞടിച്ച ഈ പ്രതികൂലത്തിന്റെ കൊടുങ്കാററിനെ നേരിടുവാൻ ഞാൻ അശക്തനായിരുന്നു, ജീവിതം വഴിമുട്ടിനിന്ന ഒരു കാലയളവായിരുന്നു അത്.

ഈ സന്ദർഭത്തിൽ ദുബായിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു പെന്തക്കോസ്തു സഭാവിഭാഗത്തിന്റെ ശുശ്രൂഷകൻ എന്റെ ഭവനത്തിലേക്ക് കടന്നുവരികയും എന്നെ തന്റെ കൂട്ടായ്മയിലേക്ക് ക്ഷണിക്കുകയും ചെയ്തു. തുടർന്നുള്ള ദിനങ്ങളിൽ ഞാൻ അവരുടെ യോഗങ്ങളിൽ കടന്നുപോയി സംബന്ധിച്ചുവെങ്കിലും ജീവിതത്തിൽ സമാധാനം പിന്നെയും അന്യംനിന്നു.

1980-ൽ ഞാൻ യു. എ. ഇ. യിലുള്ള ഒരു കൺസ്ട്രക്ഷൻ കമ്പിനിയിൽ ഫോർമാന്റെ ജോലി സ്വീകരിച്ച് അബുദാബിയിലേക്ക് കടന്നുവന്നു. ഇവിടെയും പല വോളിബോൾ മത്സരങ്ങളിൽ ഞാൻ പങ്കെടുത്തുവെങ്കിലും എന്റെ കാൽമുട്ടിനേററ ക്ഷതം ഒരു തീരാശാപമായി എന്നെ പിന്തുടർന്നു. കാൽമുട്ട് പല അവസരങ്ങളിലും നീരുവന്ന് വീർക്കുകയും ജോലിസ്ഥലങ്ങളിൽ നിന്നും എന്നെ താങ്ങിയെടുത്ത് താമസസ്ഥലത്തെത്തിക്കേണ്ടിവരുകയും ചെയ്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ ജീവിതത്തിൽ ആശയററവനായി കഴിഞ്ഞുകൂടി. ഈ അവസരത്തിൽ ഒരു സന്ധ്യാസമയം അബുദാബി ദൈവസഭാ ശുശ്രൂഷകനും മറെറാരു സഭാവിശ്വാസിയുംകൂടി എന്റെ ഒരു സഹപ്രവർത്തകനെ അന്വേഷിച്ച് ഞങ്ങളുടെ താമസസ്ഥലത്ത് കടന്നുവരികയുണ്ടായി. വഴിയിൽ കൂടി കടന്നുപോകുന്ന വാഹനത്തിൽനിന്നും ബ്രഡ് വാങ്ങുവാൻവേണ്ടി റോഡരികിൽ കാത്തുനിന്നിരുന്ന എന്നെ ഈ സഹോദരന്മാർ കണ്ടുമുട്ടുകയും രക്ഷയുടെ സുവിശേഷം എന്നെ അറിയിക്കുകയും ചെയ്തു. ഈ ലോകത്തിന്റെ അപ്പം വാങ്ങുവാനായി കാത്തുനിന്നിരുന്ന എനിക്ക് ജീവന്റെ അപ്പം എങ്ങനെ ലഭ്യമാകാം എന്ന് അന്ന് സന്ധ്യാസമയം മനസ്സിലാക്കുവാൻ സാധിച്ചു. സമാധാനത്തിന്റെ ഒരത്താണി തേടി നടന്ന എനിക്ക് അവരുടെ സന്ദർശനം ആശ്വാസത്തിന്റെ നീരുറവയായി മാറി. അവർ ക്ഷണിച്ചതനുസരിച്ച് തുടർന്നുള്ള ഒരു വെള്ളിയാഴ്ച പകൽസമയം അവരുടെ ആരാധനായോഗത്തിൽ ഞാൻ കടന്നുപോയി സംബന്ധിച്ചു. യോഗത്തിന്റെ അവസാനം രോഗികൾക്കായി പ്രാർത്ഥിക്കുന്നതിന് ശുശ്രൂഷകൻ സമയം വേർതിരിച്ചപ്പോൾ ഞാൻ എന്റെ ഇടതുകാൽമുട്ടിന്മേൽ കൈവച്ച് വിടുതലിനായി പ്രാർത്ഥിച്ചു. യോഗത്തിനു ശേഷം വീട്ടിൽ മടങ്ങിയെത്തിയപ്പോഴേക്കും ഞാൻ കഠിനമായ പനിയാൽ ബാധിക്കപ്പെട്ടവനായിത്തീർന്നു. മാത്രമല്ല രാത്രിയുടെ യാമങ്ങളിൽ നിദ്രാവിഹീനനായി ഞാൻ കഴിഞ്ഞുകൂടി. ജീവിതത്തിൽ ഇതുവരെയും നേരിട്ടിട്ടില്ലാത്ത എന്തോ ഒരസ്വസ്ഥത എന്നെ അലട്ടുവാൻ തുടങ്ങി. ഞാൻ കിടക്കയിൽ എഴുന്നേററിരുന്നു. എന്റെ മനസ്സ് വിങ്ങിപ്പൊട്ടുകയും മൂകമായി ഞാൻ കേഴുകയുംചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ എങ്ങനെയെങ്കിലും ആരാധനായോഗങ്ങളിൽ സംബന്ധിക്കണമെന്നുള്ള ഉൽക്കടമായ ഒരാഗ്രഹം എന്നെ വലയംചെയ്തു. അത്ഭുതമെന്നു പറയട്ടെ പനിയിൽനിന്നും വിമുക്തനായതോടെ എന്റെ കാൽമുട്ടിനു പരിപൂർണ്ണ സൗഖ്യം ലഭിക്കുകയുണ്ടായി. മടക്കുവാൻ കഴിയാതെയിരുന്ന കാൽമുട്ട് പൂർണ്ണമായി മടക്കുവാനും കാൽമുട്ടിനനുഭവപ്പെട്ടിരുന്ന ശക്തമായ വേദന പൂർണ്ണമായി മാറിക്കിട്ടുവാനും ഇടയായി. ഇത് എനിക്കുതന്നെ വിശ്വസിക്കുവാൻ കഴിയാതെയിരുന്ന ഒരത്ഭുത സംഭവമായിരുന്നു. കാരണം എന്നെ ചികിത്സിച്ച ഡോക്ടർ തന്നെ ഈ കാൽമുട്ടിനു പൂർണ്ണ വിടുതൽ ലഭിക്കുകയില്ലായെന്നും ഈ വേദനയുമായി ജീവിതകാലം മുഴുവൻ കഴിയേണ്ടിവരുമെന്നും വളരെ വ്യക്തമായി എന്നോട് പറഞ്ഞിരുന്നു. തുടർന്ന് എന്നെ രക്ഷിച്ചവനായ എന്റെ കർത്താവിനെ 1989 ഫെബ്രുവരി 2-ാം തീയതി ഞാൻ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. മാർച്ച് 3-ാം തീയതി ഞാൻ കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. മെയ് 6-ാം തീയതി ശക്തീകരണം പ്രാപിക്കുവാൻ കർത്താവു സഹായിച്ചു. തുടർന്നുള്ള ദിവസങ്ങൾ എന്റെ ഭവനത്തിലും ദൈവം അത്ഭുതങ്ങളുടെ ക്രിയകൾ തികച്ചെടുക്കുകയായിരുന്നു. മാനസികരോഗിണിയായിരുന്ന സഹോദരിക്ക് ദൈവം പൂർണ്ണ സൗഖ്യം ദാനം ചെയ്തു. കലഹിച്ച വേർപിരിഞ്ഞ എന്റെ മാതാപിതാക്കൾ രമ്യതയിലെത്തി.

ജീവിതത്തിൽ എനിക്ക് വലിയ അഭിലാഷങ്ങളൊന്നും മിച്ചമില്ല, ലഭിച്ച ദൈവീക സന്തോഷം മററുള്ളവർക്ക് പകർന്നുകൊടുക്കുക, ഈ പ്രത്യാശയുടെ അനുഭവത്തിലേക്ക് എന്റെ കുടുംബാംഗങ്ങളെക്കൂടി മാടിവിളിക്കുക, ഇതിലുപരിയായി ജീവിതാഭിലാഷങ്ങൾ വച്ചുപുലർത്തുവാൻ ഞാനാഗ്രഹിക്കുന്നില്ല, എന്റെ ഈ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനായി മാന്യ മാസികാ മിത്രങ്ങൾ പ്രാർത്ഥിക്കണമെന്ന അപേക്ഷയോടെ ഞാൻ നിർത്തട്ടെ.